പാഠപുസ്തകങ്ങളിൽ
ഒളിയജണ്ട
സംവാദം



കെ.സി വർഗീസ്
(ക്രൈസ്തവ ദൈവശാസ്ത്ര പണ്ഡിതൻ)

# മതങ്ങൾ ഭയക്കുന്നതെന്തിന്?

ഇന്ത്യ ഒരു ബഹുസ്വരസമൂഹം ആണെന്ന യാഥാർഥ്യം അംഗീകരിച്ച് നിലവിലുള്ളതും മൺമറഞ്ഞുപോയതുമായ മതങ്ങളുടെ ചരിത്രവും അവയുടെ ദർശനവും അവ ഉൽപാദിപ്പിച്ച മൂല്യസങ്കൽപങ്ങളും പഠന വിഷയമാക്കുന്നതും മതേതരത്വത്തിന്റെ ഭാഗമാണ്. മതവിഷയത്തിൽ ഗാന്ധിജിയെ കുട്ടികൾക്കുമുമ്പിൽ മാതൃകയായി അവതരിപ്പിക്കുന്നതുപോലെ തന്നെ, മതേതര വിഷയത്തിൽ നെഹ്റുവിനെയും മാതൃകയായി ചൂണ്ടിക്കാണിക്കുന്നതിൽ അപകടമൊന്നുമില്ല.

**പാഠപുസ്തക** വിവാദത്തെ കേന്ദ്രീകരിച്ചുള്ള ചർച്ചക്കു മാർഗനിർദേശകമായി *പ്രബോധനം* പത്രാധിപർ അയച്ചു തന്ന ചോദ്യാവലിയിലെ ആറു ചോദ്യങ്ങളും, ഈ വിഷയത്തെ മുൻനിറുത്തി മാധ്യമങ്ങളിൽ ഇതിനകം നടന്നു കഴിഞ്ഞ ചർച്ചകളെ വഴിതിരിച്ചു വിടാൻ സഹായകമാണ്. മതം, മതേതരത്വം, ഈശ്വരൻ തുടങ്ങിയ പാഠപുസ്തക ബാഹ്യമായ വിഷയങ്ങളിലേക്കുൾക്കാഴ്ച നൽകാൻ പര്യാപ്തമാണ് ഈ ചോദ്യങ്ങളെ കേന്ദ്രീകരിച്ചുള്ള പൊതുചർച്ച. അതിലേക്കു പ്രവേശിക്കുന്നതിനു മുമ്പ് കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളെ കലുഷമാക്കിയ അസംബന്ധമെന്നു വിശേഷിപ്പിക്കാവുന്ന പാഠപുസ്തക പ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിലേക്കൊന്നു കണ്ണോടിക്കാം. പുരക്കു തീപിടിക്കുമ്പോൾ വാഴവെട്ടുന്നതുപോലെ എന്നൊരു പഴഞ്ചൊല്ലുണ്ടല്ലോ. ഈ പ്രക്ഷോഭനാടകത്തിൽ വേഷംകെട്ടി അരങ്ങത്തെത്തിയവരെ ഇത്തരം ചില താൽപര്യങ്ങളാണ് നയിക്കുന്നതെന്നു കാണാം.

സ്വാശ്രയ വിദ്യാഭ്യാസ രംഗത്തെ കച്ചവടതാൽപര്യങ്ങൾക്കു കടിഞ്ഞാണിടുന്നതിൽ തുടങ്ങി പ്ലസ്ടു പ്രവേശനത്തിലെ ഏകജാലക സംവിധാനം വരെ നീണ്ട, കേരള സർക്കാരിന്റെ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കാൻ ശ്രമിച്ച പല പരിഷ്ക്കാരങ്ങളും ഒരു വിഭാഗം മാനേജ്മെന്റുകളെ അലോസരപ്പെടുത്തുന്നവയായിരുന്നു. മതതാൽപര്യം, ന്യൂനപക്ഷ അവകാശം എന്നൊക്കെ വിളിച്ചുകൂവി ജനവികാരം സർക്കാരിനെതിരെ ഇളക്കിവിടാൻ ക്രിസ്തുമതത്തിലെ പൗരോഹിത്യ ശക്തികൾ ദീർഘകാലമായി ശ്രമിക്കുകയായിരുന്നു. അവർക്കു വീണുകിട്ടിയ ഒരിരയായിരുന്നു ഏഴാംക്ലാസ്സിലെ സാമൂഹ്യപാഠപുസ്തകം. തുടക്കത്തിൽ 1,3,5,7 ക്ലാസ്സുകളിൽ ഈ വർഷം പുതുക്കി നിശ്ചയിച്ച എസ്.സിഇ.ആർ.ടി പുസ്തകങ്ങളെ മൊത്തം മുൻനിറുത്തിയായിരുന്നു വിമർശനം. അതു ചുരുങ്ങി ചുരുങ്ങി ഏഴാംക്ലാസ്സിലെ സാമൂഹ്യപാഠത്തിൽ മാത്രമായും പിന്നീടത് വീണ്ടും ചുരുങ്ങി ആ പുസ്തകത്തിലെ മൂന്നോ നാലോ പേജുകൾ മാത്രം വരുന്ന ഒരു പാഠത്തിലെ ഏതാനും വാചകങ്ങളിലേക്കുമായി കേന്ദ്രീകരിച്ചു. ഇത്രമാത്രം പൊല്ലാപ്പുണ്ടാക്കാൻ എന്താണിവിടെ സംഭവിച്ചതെന്നു വിവേകശാലികൾക്കു

മനസ്സിലാകുന്നില്ല. മലപ്പുറം ജില്ലയിലെ പാവപ്പെട്ട കുട്ടികൾ പഠിക്കുന്ന പൊതു വിദ്യാലയങ്ങളിൽ സൗജന്യമായി വിതരണംചെയ്യാൻ കൊണ്ടു പോയ പുസ്തകങ്ങൾ തീയിലിട്ടു കത്തിക്കാൻ മാത്രം അപകടകരമായ കാര്യമാണോ ഈ വിവാദപാഠത്തിലെ പരാമർശങ്ങൾ? ആണെന്നു തോന്നുന്നില്ല.

ഇതിന്റെ പേരിൽ സമര രംഗത്തിറങ്ങിയിരിക്കുന്ന ജാതിമത വർഗീയ സംഘടനകൾക്കും, കോൺഗ്രസ്സും ബി.ജെ.പിയും മുസ്‌ലിംലീഗും ഉൾപ്പെടെയുള്ള രാഷ്ട്രീയകക്ഷികൾക്കും മതം, മതേതരത്വം, ഈശ്വരവിശ്വാസം തുടങ്ങിയ കാര്യങ്ങളിൽ എന്തഭിപ്രായ ഐക്യമാണുള്ളത്? ഈ വക കാര്യങ്ങളിൽ പ്രത്യക്ഷമായും പരസ്പരവിരുദ്ധമായ നിലപാടുകളാണ് ഇവയിൽ ഓരോ കക്ഷികൾക്കും ഉള്ളത് എന്നകാര്യം എന്തിനു നമ്മൾ കാണാതിരിക്കണം? കേരളത്തിലെ ക്രൈസ്തവസഭകൾ തമ്മിൽ തന്നെ ആന്തരികമായ ഒരു യോജിപ്പും ഇല്ല. പുറമെ ഐക്യം പ്രകടിപ്പിക്കുന്നവർ തന്നെ ഉള്ളുകൊണ്ടു വെറുക്കുന്നവരും സ്വന്തം വേദികളിൽ തങ്ങളൊഴിച്ചു സർവരെയും ആക്ഷേപിക്കുന്നവരും ആണ്. ഇവർക്കെങ്ങനെയാണ് ഈ പാഠപുസ്തക വിഷയത്തിൽ മാത്രമായി യോജിക്കാൻ കഴിയുക? ഈ വിഷയത്തിൽ അത്ഭുതകരമായ യോജിപ്പു പ്രകടമാക്കിയ വിവിധ മുസ്‌ലിം സംഘടനകളുടെ കാര്യവും മറിച്ചല്ല. ദേശീയമോ മതപരമോ ആയ ഏതു കാര്യത്തിലാണ് കോൺഗ്രസ്സിനും ഭാരതീയ ജനതാ പാർട്ടിക്കും തമ്മിൽ യോജിപ്പുള്ളത്? ഇവരെയെല്ലാം ഒരേ പന്തലിൽ ഒന്നിച്ചണിനിരത്താൻ മാത്രം ശക്തമാണ് ഏഴാം ക്ലാസ്സിലെ 'മതമില്ലാത്ത ജീവൻ' എന്ന പാഠഭാഗമെങ്കിൽ, പ്രഫ. യശ്പാൽ പറഞ്ഞതുപോലെ ഇതു എഴുതിയുണ്ടാക്കിയ ആളെ കണ്ടുപിടിച്ചഭിനന്ദിക്കുകയാണ് വേണ്ടത്.



**രംഗത്തിറങ്ങിയിരിക്കുന്ന ജാതിമത വർഗീയ സംഘടനകൾക്കും, കോൺഗ്രസ്സും ബി.ജെ.പിയും മുസ്‌ലിംലീഗും ഉൾപ്പെടെയുള്ള രാഷ്ട്രീയകക്ഷികൾക്കും മതം, മതേതരത്വം, ഈശ്വരവിശ്വാസം തുടങ്ങിയ കാര്യങ്ങളിൽ എന്തഭിപ്രായ ഐക്യമാണുള്ളത്? കേരളത്തിലെ ക്രൈസ്തവസഭകൾ തമ്മിൽ തന്നെ ആന്തരികമായ ഒരു യോജിപ്പും ഇല്ല. പുറമെ ഐക്യം പ്രകടിപ്പിക്കുന്നവർ തന്നെ ഉള്ളുകൊണ്ടു വെറുക്കുന്നവരും സ്വന്തം വേദികളിൽ തങ്ങളൊഴിച്ചു സർവരെയും ആക്ഷേപിക്കുന്നവരും ആണ്. ഇവർക്കെങ്ങനെയാണ് ഈ പാഠപുസ്തക വിഷയത്തിൽ മാത്രമായി യോജിക്കാൻ കഴിയുക? ഇവരെയെല്ലാം ഒരേ പന്തലിൽ ഒന്നിച്ചണിനിരത്താൻ മാത്രം ശക്തമാണ് ഏഴാംക്ലാസ്സിലെ 'മതമില്ലാത്ത ജീവൻ' എന്ന പാഠഭാഗമെങ്കിൽ, പ്രഫ. യശ്പാൽ പറഞ്ഞതുപോലെ ഇതു എഴുതിയുണ്ടാക്കിയ ആളെ കണ്ടുപിടിച്ചഭിനന്ദിക്കുകയാണ് വേണ്ടത്.**

## ഉത്തരം തേടുന്ന ചോദ്യങ്ങൾ

1. പ്രഥമ ചോദ്യത്തിന്റെ ഫോക്കസ് ഏഴാം ക്ലാസ്സിലെ പാഠപുസ്തകത്തിനല്ല; അതിനായി നൽകപ്പെട്ട അധ്യാപക സഹായിയിൽ ആണ്. അതിൽ ചില മത വിമർശനങ്ങൾ അടങ്ങിയിട്ടുണ്ട്. അത്തരം ചില തുമ്മലുകൾ കൊണ്ടു തെറിച്ചുപോകാൻ മാത്രം ദുർബലമാണോ കേരളത്തിലെ മതങ്ങൾ? ഇത്തരം അധ്യാപക സഹായികളെ കേരളത്തിലെ ഏത് അധ്യാപകരാണിത്ര ഗൗരവത്തിൽ എടുക്കുന്നത്? പാഠം ഏതു തന്നെ ആയാലും അധ്യാപക സഹായി എന്തുതന്നെ പറഞ്ഞാലും അതു പഠിപ്പിക്കുന്ന അധ്യാപകന്റെ പൊതുവീക്ഷണം അദ്ദേഹത്തിന്റെ ക്ലാസ്സുകളെ ബാധിക്കാതിരിക്കില്ല. അധ്യാപകൻ പഠനസഹായി മാത്രം നോക്കി ശബ്ദം ഉണ്ടാക്കുന്ന യന്ത്രമൊന്നുമല്ല. അയാൾക്ക് അയാളുടേതായ വ്യക്തിത്വം ഉണ്ട്. അത് ഓരോ വിഷയത്തിലും പ്രതിഫലിക്കും. അതു കുട്ടികളിൽ ചെലുത്തുന്ന സ്വാധീനത്തിന്റെ ഗുണദോഷങ്ങൾ ക്ലാസ്സുമുറികൾക്കു വെളിയിലും തുടർന്നങ്ങോട്ടുള്ള സ്വന്തം ജീവിതാനുഭവങ്ങളെയും പുറം ലോകത്ത് നിന്നും ആർജിക്കുന്ന ഉപരി അറിവുകളെയും ആശ്രയിച്ചിരിക്കും.

മതങ്ങളും അവ പ്രചരിപ്പിക്കുന്ന ആശയങ്ങളും പൂർണമായും കുറ്റമറ്റതാണെന്നോ, നരബലി തുടങ്ങി ക്ഷുദ്രപ്രയോഗം വരെയുള്ള പലതിനെയും പരോക്ഷമായി ന്യായീകരിക്കുന്ന ദൈവവിശ്വാസം വിമർശനത്തിനതീതമാണെന്നോ കരുതാനാകില്ല. വസ്ത്രധാരണം വ്യക്തികളുടെ സ്വകാര്യ സ്വാതന്ത്ര്യമാണ്. മതത്തിനോ മതേതരത്വത്തിനോ ഒന്നും ഇതിൽ ഇടപെടേണ്ട കാര്യമില്ല. പർദ പോലുള്ള മുസ്‌ലിം സ്ത്രീകളുടെ വസ്ത്രധാരണ രീതി ഇസ്‌ലാമിനു മുമ്പുതന്നെ നിലവിലുണ്ടായിരുന്നു. ബൈസാന്റെയിൻ സംസ്കാരത്തോടാണിതിനു കൂടുതൽ അടുപ്പം. എന്തു ധരിക്കണം, എങ്ങനെ ധരിക്കണം എന്നതൊക്കെ വ്യക്തികൾ സ്വമേധയാ തീരുമാനിക്കട്ടെ. ഇതിനപ്പുറമുള്ള തീവ്രവാദമൊന്നും ഈ പാഠം വിദ്യാർഥികളിൽ സൃഷ്ടിക്കാൻ ഇടയില്ല.

2. സെക്സ്ടൂറിസത്തിനു കേരളീയ സമൂഹത്തെ പാകപ്പെടുത്താനുള്ള ഹിഡൻ അജണ്ടയുടെ ഭാഗമാണ് ഈ പാഠപുസ്തക പരിഷ്ക്കരണമെന്ന ആരോ

**പാഠപുസ്തകങ്ങളിലൂടെ ദൈവവിശ്വാസം നശിപ്പിക്കാൻ ശ്രമിച്ച സ്റ്റാലിനിസ്റ്റ് റഷ്യയിലെ പുതിയ തലമുറയിൽ ദൈവവിശ്വാസവും മതമൂല്യങ്ങളും പൂർവാധികം ശക്തിപ്രാപിക്കുകയായിരുന്നു എന്ന അനുഭവം നമ്മുടെ മുമ്പിലുണ്ട്. അതുപോലെ തന്നെ ദൈവവിശ്വാസവും മതമൂല്യങ്ങളും പാഠപുസ്തകങ്ങളിലൂടെ പ്രചരിപ്പിക്കാൻ ശ്രമിച്ച യൂറോപ്പിലെ കത്തോലിക്കാ രാജ്യങ്ങളിലും അമേരിക്കയിലും ഇവ രണ്ടും തീർത്തും ദുർബലമാവുകയായിരുന്നു എന്നും ഓർക്കണം. അതുകൊണ്ടു പാഠപുസ്തകങ്ങളെ മറ്റു ജോലികളേൽപിക്കുന്നതാകും മെച്ചം. പാഠ്യഭാഗത്തോടു ബന്ധപ്പെട്ടുവരുന്ന ഇത്തരം കാര്യങ്ങളെ മനഃപൂർവം മാറ്റിനിർത്തേണ്ടതില്ലാത്തതുപോലെ ഇവയെ ബോധപൂർവം പാഠപുസ്തകങ്ങളിലേക്കു വലിച്ചിഴക്കേണ്ടതുമില്ല.**

പണം അടിസ്ഥാനരഹിതവും ശുദ്ധ അസംബന്ധവും ആണ്.

3. നിരീശ്വരവാദം എന്ന ആശയം തന്നെ നിരർഥകമാണ്. ഈശ്വരനില്ലെന്നു ആരെങ്കിലും പറയുകയോ പഠിപ്പിക്കുകയോ ചെയ്യുന്നതിലൂടെ ഇല്ലാതാകുന്നതല്ല ഈശ്വരൻ. അഥവാ ആരെങ്കിലും ഈശ്വരനില്ലെന്നു കരുതുന്നുവെങ്കിൽ അത്തരക്കാരോട് ഈശ്വരനു വിരോധം തോന്നാനും ഇടയില്ല. ഈശ്വരവിശ്വാസികളെന്നു വിളിച്ചുകൂവുന്നവരുടെ വാക്കും പ്രവൃത്തിയും തമ്മിലുള്ള വൈരുധ്യത്തിനു ആരെ വേണം കുറ്റപ്പെടുത്താൻ? ഒരുവൻ ഈശ്വര വിശ്വാസിയായിരിക്കേണ്ടത് അവനുവേണ്ടിയാണ്. അല്ലാതെ ഈശ്വരനു വേണ്ടിയല്ല. ഈശ്വര വിശ്വാസികളെല്ലാം സദാചാരനിരതരും നിരീശ്വരവാദികൾ കുറ്റവാളികളും ആണെന്നു തെളിയിക്കുന്ന സ്ഥിതിവിവരകണക്കുകളൊന്നും ആരുടെയും പക്കലില്ല. സ്വന്തം ജീവിത മാതൃകകൾകൊണ്ട് നിരീശ്വരവാദികളെക്കൂടി തങ്ങളുടെ നിലപാടിലേക്ക് ആകർഷിക്കാൻ യഥാർഥ ഈശ്വര വിശ്വാസികൾക്ക് കഴിയും. മാർക്സിസം = നിരീശ്വരവാദം എന്ന സമവാക്യം മാർക്സിസം എന്തെന്നു പഠിക്കാത്തവരുടെ ബാലിശമായ കണ്ടെത്തലാണ്.

മതവും മാർക്സിസവും തമ്മിൽ സംവാദം അനിവാര്യമാണ്. അതാണെക്കാലത്തും നടന്നുകൊണ്ടിരിക്കുന്നത്. സംവാദത്തിന്റെ സാധ്യതകൾ അടച്ചുകളയുന്നതോടെ മതമായാലും മാർക്സിസമായാലും അതു ഫാഷിസമായി മാറുന്നു. ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ഭീഷണി ഫാഷിസമാണ്. അത് എതിർക്കപ്പെടുക തന്നെ വേണം.

4. ആത്മീയത - ഭൗതികത എന്ന ദ്വന്ദ സങ്കൽപത്തിനു ദാർശനികമായി നിലനിൽപില്ല. മതത്തെ സ്വന്തം നിലനിൽപിനുള്ള ഊന്നുവടിയും സൃഷ്ടിപരമായ യാതൊരു അധ്വാനവും കൂടാതെ ജീവിക്കാനുള്ള ഉപാധിയും ആയി കണ്ടെത്തിയ പൗരോഹിത്യമാണ് ഇങ്ങനെ ഒരു വേർതിരിവുണ്ടാക്കിയത്. പ്രവാചകന്മാരുടെ പഠിപ്പിക്കലുകളോ വിശുദ്ധഗ്രന്ഥങ്ങളിലെ ലിഖിതങ്ങളോ ഇങ്ങനെയൊരു വിഭജനത്തെ അംഗീകരിക്കുന്നില്ല. ഭൗതികതയില്ലാത്ത ആത്മീയതയും, ആത്മീയത ഇല്ലാത്ത ഭൗതികതയും മനുഷ്യത്വം പോലും ആകുന്നില്ല. അതിനെ മൃഗീയത എന്നു വിളിച്ചാൽ മൃഗങ്ങൾ പ്രതിഷേധിച്ചേക്കും

5. മതേതരത്വം എന്നാൽ മതനിഷേധം അല്ലാത്തതുപോലെ തന്നെ അത് മതങ്ങളുടെ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും വഴിവിട്ടു പ്രോത്സാഹിപ്പിക്കലും അല്ല. ഇന്ത്യ ഒരു ബഹുസ്വര സമൂഹം ആണെന്ന യാഥാർഥ്യം അംഗീകരിച്ച് നിലവിലുള്ളതും മൺമറഞ്ഞുപോയതുമായ മതങ്ങളുടെ ചരിത്രവും അവയുടെ ദർശനവും അവ ഉൽപാദിപ്പിച്ച മൂല്യസങ്കൽപങ്ങളും പഠന വിഷയമാക്കുന്നതും മതേതരത്വത്തിന്റെ ഭാഗമാണ്. മതവിഷയത്തിൽ ഗാന്ധിജിയെ കുട്ടികൾക്കു മുമ്പിൽ മാതൃകയായി അവതരിപ്പിക്കുന്നതുപോലെ തന്നെ, മതേതര വിഷയത്തിൽ നെഹ്റുവിനെയും മാതൃകയായി ചൂണ്ടിക്കാണിക്കുന്നതിൽ അപകടമൊന്നുമില്ല. ഗാന്ധിയുടെ മതമോ നെഹ്റുവിന്റെ മതേതരത്വമോ അല്ല രാജ്യത്തിനാപത്ത്. അദ്വാനിയുടെ തീവ്രഹിന്ദുത്വവും സോണിയ ഗാന്ധിയുടെ മൃദു ഹിന്ദുത്വവുമാണ് മതമൂല്യങ്ങൾക്കും മതേതരത്വമൂല്യങ്ങൾക്കും ഒരുപോലെ അപകടം ക്ഷണിച്ചുവരുത്തുന്നത്.

6. ബഹുമതസമൂഹം എന്നതിനേക്കാൾ ബഹുസ്വരസമൂഹം എന്ന പ്രയോഗം ആയിരിക്കും യുക്തിയുക്തമാകുക. ആരെന്തൊക്കെപ്പറഞ്ഞാലും ലോകം ഒരു ബഹുസ്വര സമൂഹമായി മാറിക്കഴിഞ്ഞു. അതിനു തടയിടാൻ ഇനി കഴിയുമെന്നു തോന്നുന്നില്ല. മതത്തിന്റെ കാര്യത്തിൽ മാത്രമല്ല ദേശീയത, ലൈംഗികത, വ്യക്തിപരമായ വിഭിന്ന അഭിരുചികൾ ഈ വക വിഷയങ്ങളിലൊക്കെ വ്യത്യസ്ഥ ചിന്താധാരകളും മൂല്യസങ്കൽപങ്ങളും നാൾക്കു നാൾ ശക്തിപ്രാപിക്കുകയാണ്. ഇതത്രയും തച്ചുടച്ച് ലോകത്തെ ഒരേ അച്ചിൽ ഉടച്ചുവാർക്കാമെന്നത് വെറും വ്യാമോഹം മാത്രമാണ്. ചരിത്രം നൽകുന്ന പാഠം അതാണ്.

പാഠപുസ്തകങ്ങളിലൂടെ ദൈവവിശ്വാസം നശിപ്പിക്കാൻ ശ്രമിച്ച സ്റ്റാലിനിസ്റ്റ് റഷ്യയിലെ പുതിയ തലമുറയിൽ ദൈവവിശ്വാസവും മതമൂല്യങ്ങളും പൂർവാധികം ശക്തിപ്രാപിക്കുകയായിരുന്നു എന്ന അനുഭവം നമ്മുടെ മുമ്പിലുണ്ട്. അതുപോലെ തന്നെ ദൈവവിശ്വാസവും മതമൂല്യങ്ങളും പാഠപുസ്തകങ്ങളിലൂടെ പ്രചരിപ്പിക്കാൻ ശ്രമിച്ച യൂറോപ്പിലെ കത്തോലിക്കാ രാജ്യങ്ങളിലും അമേരിക്കയിലും ഇവ രണ്ടും തീർത്തും ദുർബലമാവുകയായിരുന്നു എന്നും ഓർക്കണം. അതുകൊണ്ടു പാഠപുസ്തകങ്ങളെ മറ്റു ജോലികളേൽപിക്കുന്നതാകും മെച്ചം. പാഠ്യഭാഗത്തോടു ബന്ധപ്പെട്ടുവരുന്ന ഇത്തരം കാര്യങ്ങളെ മനഃപൂർവം മാറ്റിനിർത്തേണ്ടതില്ലാത്തതുപോലെ ഇവയെ ബോധപൂർവം പാഠപുസ്തകങ്ങളിലേക്കു വലിച്ചിഴക്കേണ്ടതുമില്ല. ■